# ഇടശ്ശേരി എന്ന ഋഷിപ്രതിഭ

## പ്രൊഫ. കെ.വി. രാമകൃഷ്ണൻ

ഒക്ടോബർ മാസം ഇടശ്ശേരിയെ ഓർത്തുകൊണ്ട് കടന്നുപോവുന്നു. 1974 ഒക്ടോബർ 16-നാണ് ഇടശ്ശേരി അന്തരിച്ചത്. നമ്മുടെ കവിതയുടെ നട്ടെല്ലിലെ മജ്ജയുടെ വെളിച്ചമായിരുന്നു ഇടശ്ശേരി. ശക്തിദായകമായ ആ ഓർമയ്ക്കു മുൻപിൽ 'മലയാള കവിത'യുടെ ശ്രദ്ധാഞ്ജലി.

മഹാഭാരതചൈതന്യം നിറഞ്ഞു തുളുമ്പി നിൽക്കുന്ന ഇടശ്ശേരി എന്ന ഋഷിപ്രതിഭയുടെ ആഴം മുഴുവനും, അതിന്റെ സമഗ്രമായ അർത്ഥത്തിൽ മലയാളഭാഷ ഇനിയും മനസ്സിലാക്കിയിട്ടില്ല. ഒട്ടൊക്കെ മനസ്സിലാക്കാൻ കഴിയുന്നു എന്ന ഒരു തോന്നലെങ്കിലും ഉണ്ടാവാൻ. അഥവാ, അടുക്കുംതോറും അകലുന്ന ചക്രവാളസീമപോലെ വിസ്മയിപ്പിക്കുന്നതാണ് ആ കാവ്യപ്രപഞ്ചത്തിന്റെ ആത്മാവ് എന്ന അറിവ് ഉണരാൻ കാലമേറെ ഇനിയും കാത്തിരിക്കണം. മനസ്സിലാക്കാൻ, തിരിച്ചറിയാൻ, ആത്മാർത്ഥമായി പരിശ്രമിക്കുകയും അങ്ങനെ സ്വന്തം നിലനില്പിന് അർത്ഥമുണ്ടാക്കാൻ നോക്കുകയും മാത്രമേ നമുക്ക് കരണീയമായിട്ടുള്ളു. ഈ പശ്ചാത്തലത്തിലാണ്, കഴിഞ്ഞ വർഷം ഈ പേജുകളിൽ, ഗൗരവതരങ്ങളായ ഇടശ്ശേരി പഠനങ്ങളുണ്ടാവാനായി, ഒരു 'ഇടശ്ശേരി ചെയർ' ഏർപ്പെടുത്തി, കൊല്ലംതോറും പ്രഗൽഭമതികളായ പണ്ഡിതന്മാരുടെ സേവനം തേടി, പ്രസംഗപരമ്പരകൾ സംഘടിപ്പിച്ച്, സ്വന്തം നിലനില്പിനെ ന്യായീകരിക്കാനുള്ള ബാധ്യത, കോഴിക്കോട് സർവകലാശാലപോലുള്ള സ്ഥാപനങ്ങൾക്കുണ്ട് എന്ന് ഞാനെഴുതിയത് ഈ വാക്കുകളുടെ പ്രസക്തി ഇന്നും നഷ്ടപ്പെട്ടിട്ടില്ലാത്തതിനാൽ, ആവർത്തിക്കുന്നതിൽ അപാകതയൊന്നും തോന്നുന്നില്ല.

അദ്ദേഹത്തിന്റെ സ്മരണ നിലനിർത്തുന്നതിനുവേണ്ടി, ചില ആരാധകർ ചേർന്ന്, പൊന്നാനി കേന്ദ്രമാക്കി ചെയ്തുവരുന്ന ചില പ്രവർത്തനങ്ങളെക്കുറിച്ചും അന്ന് ആ ലേഖനത്തിൽ സൂചിപ്പിച്ചിരുന്നു. മലയാളഭാഷ അറബിക്കടലിൽക്കലങ്ങിപ്പോയേയ്ക്കും എന്ന് ഭയന്നതുകൊണ്ടല്ല അങ്ങനെ എഴുതിയത്. അദ്ദേഹത്തിന്റെ അമരഭാരതിയ്ക്കപ്പുറത്ത് സ്മാരകത്തിന്റെ പേരിൽ മറെറന്തെങ്കിലും വേണം എന്ന തോന്നലുകൊണ്ടും അല്ല. നാമാരാധിക്കുന്ന മഹാപ്രതിഭകൾ ഭൗതികശരീരം വെടിയുമ്പോൾ, അവരെച്ചൊല്ലിയുള്ള സ്മാരകനിർമാണ പ്രവർത്തനങ്ങളുടെ പേരിൽ നമ്മുടെ മനസ്സു തേങ്ങുന്നത്, ആ മഹാപ്രതിഭകൾക്കുവേണ്ടിയല്ല; നമുക്കുതന്നെ വേണ്ടിയാണ്. സ്വന്തം നിലനില്പിനെ ന്യായീകരിക്കാൻ ശ്രമിക്കുകയാണ്, അത്തരം സ്മാരകപ്രവർത്തനങ്ങളിലൂടെ, നാം ചെയ്യുന്നത്. അത്തരം മഹാപ്രതിഭകളെ കൂടുതൽ അടുത്തറിയാനും അവരുടെ ആത്മചൈതന്യമുൾക്കൊണ്ട് സ്വന്തം വ്യക്തിത്വത്തിന് കൂടുതൽ ആരുറപ്പു നേടുവാനുമാണ് അത്തരം സന്ദർഭങ്ങൾ പ്രയോജനപ്പെടുത്തേണ്ടത്. അഥവാ, ഈദൃശസംരംഭങ്ങളുടെ പരമമായ ലക്ഷ്യം മറെറാന്നല്ല.

ഈ പശ്ചാത്തലത്തിൽ ഇടശ്ശേരിയുടെ പേരിലുള്ള സ്മാരകപ്രവർത്തനങ്ങളേയും മററു മഹാകവികളുടെ പേരിലുള്ള സ്മാരകശ്രമങ്ങളേയും ഒക്കെ മനസ്സിലാക്കാൻ ശ്രമിക്കുന്നത് നന്നായിരിക്കും. വർഷംതോറും പല മഹാകവികളുടെയും പേരിലുള്ള സ്മാരകപ്രവർത്തനങ്ങളുടെ ഭാഗമായി അനുസ്മരണ സമ്മേളനങ്ങളും സ്മാരകപ്രഭാഷണങ്ങളും നടന്നുവരാറുണ്ട്. എന്നാൽ പലപ്പോഴും ഇത്തരം സ്മാരകപ്രഭാഷണങ്ങൾ, വാരാന്ത്യപതിപ്പുകളിലെ പുസ്തകാഭിപ്രായലേഖനങ്ങളുടെ നിലവാരം പുലർത്തുന്നവയാകുന്നു. (വള്ളത്തോളിന്റെ 'കാവ്യശില്പം' പോലുള്ള ചില അപവാദങ്ങൾ, ദീർഘ ഇടവേളകൾക്കുള്ളിൽ ഇടയ്ക്കു വീണുകിട്ടുന്നു എന്ന സത്യം, ഇത്തരം സംരംഭങ്ങളിൽ പ്രതീക്ഷവെച്ചു പുലർത്താൻ പ്രേരിപ്പിക്കുന്നു) അനുസ്മരണയോഗങ്ങളും സ്മാരക പ്രഭാഷണങ്ങളും ചടങ്ങുകളുടെ ചട്ടക്കൂട്ടിലേയ്ക്ക് ഒതുങ്ങുമ്പോൾ ഫലം മറിച്ചാവാൻ വയ്യല്ലോ. ഇടശ്ശേരിയുടെ പേരിലായാലും മറ്റേതു മഹാകവിയുടെ പേരിലായാലും. ഓരോ സ്മാരകപ്രഭാഷണവും നമ്മുടെ കാവ്യപഠനത്തിന്റെ പാതയിൽ പൊതുവേയും, അതാതു മഹാകവിയുടെ കാവ്യസാമ്രാജ്യത്തിൽ വിശേഷിച്ചും. പുതിയ പ്രവേശവും വെളിച്ചവും ഉൾക്കാഴ്ചയും നൽകുന്നവയാകണം എന്ന് നിഷ്കർഷിക്കേണ്ടതാണ്. പലപ്പോഴും അങ്ങനെയായിക്കാണാറില്ല എന്ന വാസ്തവം മറച്ചുപിടിച്ചിട്ടു കാര്യമില്ലല്ലോ. എന്തുകൊണ്ടിങ്ങനെയാവുന്നു. ഈ സ്ഥിതി മാറ്റിയെടുക്കാനെന്തു ചെയ്യണം തുടങ്ങിയ കാര്യങ്ങൾ ഇത്തരം പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട സുഹൃത്തുക്കളുടെ സഗൗരവശ്രദ്ധയ്ക്ക് വിഷയമാകേണ്ടതാണ്.

'ഓതിനീണ്ട ജടയും നഖങ്ങളും', എന്നോ, 'പ്രണയപരവശേ! ശുഭം' എന്നോ മറ്റോ വരികളുദ്ധരിച്ച് കവിവ്യക്തിത്വത്തിലെ നാടകീയതയെക്കുറിച്ച് 'വാഹ്' വാഹ്' പറയുകയാണ് നമ്മുടെ പൊതുസ്വഭാവം. ഏററവുമധികം നാടകീയസ്വഭാവം മുറ്റിനിന്നിരുന്ന കവിവ്യക്തിത്വം ഇടശ്ശേരിയുടേതായിരുന്നു എന്ന് നാം ചിന്തിക്കാൻ തുടങ്ങിയിട്ടുണ്ടെന്നു തോന്നുന്നില്ല. കവിതയിലെ നാടകീയത എന്ന സങ്കല്പം, വരികളിലെ സംഭാഷണസ്വഭാവം എന്ന പുറംതൊണ്ടുവരേയേ എത്തിയിട്ടുള്ളൂ നമ്മുടെ ചിന്തയിലെന്നർത്ഥം. ഇവിടെ നിന്നിറങ്ങി, ഭാവപരമായ ആന്തരികസംഘർഷത്തിൽ നാടീകയതയുടെ വേരന്വേഷിക്കുന്ന തലത്തിലേക്ക് ചിന്തിക്കാൻ നമുക്കിനിയും പ്രായപൂർത്തിയായിട്ടില്ല. ഇടശ്ശേരിയുടെ ഋഷിപ്രതിഭയുടെ ആഴമറിയാൻ കാലമേറെ ഇനിയും

ഇടശ്ശേരി എന്ന ഋഷിപ്രതിഭ

പ്രൊഫ. കെ.വി. രാമകൃഷ്ണൻ



കാത്തിരിക്കേണ്ടിവരും എന്ന് നേരത്തെ സൂചിപ്പിച്ചത് ഓർക്കുക. റോബർട്ട് ബ്രൗണിങ്ങ് എന്ന ആംഗലമഹാകവിയെക്കുറിച്ചോ ഡ്രമാററിക് മോണോലോഗ് എന്ന കാവ്യശില്പ സങ്കേതത്തെക്കുറിച്ചോ, വായിക്കുകയോ പഠിക്കുകയോ ചെയ്ത ശേഷമാണ് ഇടശ്ശേരി, 'ലവണാസുരവധത്തിലെ ഹനുമാൻ' കവിതയെഴുതിയതെന്ന് ഞാൻ വിശ്വസിക്കുന്നില്ല. എന്നാൽ, 'ലവണാസുരവധത്തിലെ ഹനുമാൻ' എന്ന കവിതയിലെ നാടകീയതയിലേയ്ക്കുൾക്കണ്ണുണ്ടാവണമെങ്കിൽ കഥകളി എന്ന കേരളീയ നാടക ശില്പത്തെക്കുറിച്ചറിഞ്ഞിരുന്നേ പറ്റൂ. നമ്മുടെ നിരൂപകരിൽ എത്ര പേർ കളിവിളക്കത്ത് ഹനുമാനെ കണ്ടിട്ടുണ്ട്? കളിവിളക്കിനു മുൻപിൽ ചമ്രം പടിഞ്ഞിരുന്ന് ഉറക്കമിളച്ചിട്ടുള്ള മനസ്സിന്നേ ഇടശ്ശേരിക്കവിതയിലെ നാടകീയതയെക്കുറിച്ച് സങ്കല്പിക്കാൻ കഴിയൂ എന്നർത്ഥം. പക്ഷേ, അപ്പോൾ ആരും കേട്ടിട്ടില്ലാത്ത പാശ്ചാത്യനിരൂപകന്റെ പേരെടുത്തു പറയാൻ പറ്റിയില്ലെന്നുവരും.

ഇത്രയുമെഴുതുമ്പോൾ നമ്മുടെ ചില സാഹിത്യപുരസ്കാര നിർണയരീതിയെക്കുറിച്ചുകൂടി ചിലതു പറഞ്ഞാൽ കൊള്ളാമെന്ന് തോന്നുന്നു. 'ഇടശ്ശേരി അവാർഡു'തന്നെ ആദ്യം ഉള്ളിലുയർന്നുവരുന്ന ഉദാഹരണം. ഏറ്റവും മികച്ച സാഹിത്യകൃതിയ്ക്ക് പുരസ്കാരം നൽകുക എന്ന സങ്കല്പം ഏറെ നല്ലതുതന്നെ. എന്നാൽ, എല്ലാ സാഹിത്യശാഖകളിലും പെട്ട മികച്ച കൃതികൾ ഒരുമിച്ചുവെച്ച് അവയിലൊന്ന് ശ്രേഷ്ഠതമമെന്ന് വിധിയെഴുതാൻ കഴിവുള്ള അദ്ഭുത നിരൂപകപ്രതിഭകൾ നമുക്കുണ്ട് എന്ന് നമ്മുടെ സാധാരണ വായനക്കാരിലധികം പേരറിഞ്ഞിരിക്കാനിടയില്ല. ഉറൂബിന്റെ മഹത്തായ നോവലായ 'സുന്ദരികളും സുന്ദരന്മാരും' എടുത്ത്, ഈ കാലഘട്ടത്തിന്റെ മഹാകാവ്യമായ 'കുടിയൊഴിക്കൽ' അതിന്നൊപ്പം വെച്ച് ഏതാണധികം കനംതൂങ്ങുന്നതെന്ന് ഇക്കൂട്ടർ വിധിയെഴുതിക്കളയും! വ്യത്യസ്തങ്ങളായ മാനദണ്ഡങ്ങളുപയോഗിച്ച് രണ്ടു സാഹിത്യരചനകൾ പരിശോധിച്ച് അവയിലൊന്ന് ശ്രേഷ്ഠതരം എന്ന് നിർണയിക്കാനുള്ള കഴിവിനെ ശ്ലാഘിക്കുകയേ ചെയ്യാവൂ. എന്നാലും ഒരു ചെറുകഥാസമാഹാരവും ഒരു കവിതാസമാഹാരവും ഒരുമിച്ചുവെച്ച് ഒന്ന് മറ്റൊന്നിനേക്കാൾ മെച്ചം എന്ന് വിധികല്പിക്കുന്നത് അസംബന്ധമാണ് എന്നു തന്നെ ഞാൻ വിശ്വസിക്കുന്നു. കവിയുടെ പേരിലുള്ള സമ്മാനം കവിതയ്ക്കുമാത്രമേ കൊടുക്കാവൂ എന്ന് സ്ഥാപിക്കാനാണ് ഇത്രയൊക്കപ്പറയുന്നത് എന്ന് ഈ വാക്കുകളെ വ്യാഖ്യാനിക്കരുതെന്ന് എടുത്തുപറയട്ടെ. ഒരു ഗവേഷണ പ്രബന്ധത്തെ വിലയിരുത്തുന്ന അതേ മാനദണ്ഡംകൊണ്ട് ഒരു കവിതയേയും വിലയിരുത്തുകയും അവയിലൊന്ന് കൂടുതൽ മെച്ചപ്പെട്ടത് എന്ന് വിധിയെഴുതുകയും ചെയ്യുന്നതിലെ അപഹാസ്യത എടുത്തുകാണിക്കാനേ ഇവിടെ ഉദ്ദേശിച്ചിട്ടുള്ളു. ഒരു സാഹിത്യപുരസ്കാരത്തിന്റെ സദ്ഫലം, കവിയും നിരൂപകനും കാഥികനും എല്ലാം ഒരുപോലെ അനുഭവിക്കാനിടയാവണം എന്ന ആശയം നന്ന്. അത് പ്രാവർത്തികമാക്കാൻ കുറേക്കൂടി അന്യൂനമായ ഒരു സംവിധാനം കണ്ടെത്തേണ്ടിയിരിക്കുന്നു.

ഇതോടൊപ്പം മറ്റൊരു കാര്യം കൂടി ചിന്തനീയമായിട്ടുണ്ടെന്നു തോന്നുന്നു. പുതിയ സർഗപ്രതിഭകളെ കണ്ടെത്തുക എന്ന ആദരണീയമായ ഉദ്ദേശ്യംവെച്ചുകൊണ്ട് അപ്രകാശിത കൃതികളുടെ കൈയെഴുത്തുപ്രതികൾ ശേഖരിച്ച് ഏറ്റവും മികച്ചത് തെരഞ്ഞെടുത്ത് പുരസ്കാരം നൽകുന്ന രീതിയിലുമുണ്ട് ചില അപാകതകൾ. ഇടശ്ശേരി അവാർഡിന്റെ സംവിധാനമെങ്കിലും ഈ രീതിയാണ് എന്നു തോന്നുന്നു. ഉദ്ദേശ്യം ശ്ലാഘനീയം തന്നെ. എന്നാൽ കഴിഞ്ഞ ചില കൊല്ലങ്ങളിൽ എത്ര പുതിയ- അന്യഥാ അപ്രശസ്തരായ - എത്ര സർഗപ്രതിഭകളെ കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ട് എന്ന് ആലോചിക്കാവുന്നതാണ്. എഴുതിത്തെളിഞ്ഞിട്ടുള്ളവരുടെ കൈയെഴുത്തു പ്രതികൾ തന്നെയാണ് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാണല്ലോ. കാതലായ അപാകത അതല്ല. ഇത്തരം ഒരു പുരസ്കാരംകൊണ്ട് ഒരു സാഹിത്യകൃതിക്ക് ന്യായമായും ലഭിക്കേണ്ട പ്രശസ്തി, പ്രചാരം, വില്പന എന്നിവയൊന്നും ഈ കൃതികൾക്ക് ലഭിക്കാതെ പോകുന്നു. പുരസ്കാര പ്രഖ്യാപനം, തുടർന്നുള്ള വാർത്തകൾ, അവാർഡുദാനച്ചടങ്ങ് സ്വീകരണങ്ങൾ (ഉണ്ടെങ്കിൽ) എന്നിവയെല്ലാം പ്രസ്തുതഗ്രന്ഥത്തെ വായനക്കാരന്റെ ശ്രദ്ധയിൽപ്പെടുത്തുന്ന ഘടകങ്ങളാണ്; സ്വാഭാവികമായും പുസ്തകം വാങ്ങാൻ അവനെ പ്രേരിപ്പിക്കുന്ന ഘടകങ്ങളും. എന്നാൽ, ഇവിടെ കൈയെഴുത്തു പ്രതികളാണ് സമ്മാനിതമാവുന്നത്. പിന്നീടെത്രയോ കഴിഞ്ഞാണ് അവ അച്ചടിച്ച് പുസ്തകശാലകളിലെത്തുന്നു. വായനക്കാരൻ കൗതുകംകൊണ്ട് അന്വേഷിക്കുന്ന നാളുകളിൽ പുസ്തകമില്ല. പുസ്തകമായി വരുമ്പോഴേയ്ക്ക് നമ്മുടെ വായനക്കാരന് അതിന്റെ പേരുതന്നെ ഓർമയുണ്ടാവുകയും ഇല്ല. ഉദ്ദേശ്യം എത്രതന്നെ ശ്ലാഘ്യമായിരുന്നാലും ശരി, പരിപാടി നടപ്പിലായി വരുമ്പോൾ നിഷ്ഫലതയ്ക്കാണ് മുൻതൂക്കമെങ്കിൽ, സംവിധാനത്തിൽ ഉചിതമായ മാറ്റങ്ങൾ വരുത്താൻ ബന്ധപ്പെട്ട പ്രവർത്തകന്മാർക്ക് തോന്നേണ്ടതാണ്.

ഇടശ്ശേരിയുടെ ഓർമയുടെ കൂടെ ഇങ്ങനെ ചില ചിന്തകളും കടന്നുവന്നു. നമ്മുടെ സാഹിത്യത്തിന്റെ വിവിധ ശാഖകളിൽ പൊതുവേയും കവിതയിൽ വിശേഷിച്ചും താല്പര്യപൂർവം പ്രവർത്തിക്കുന്ന ഇളം തലമുറക്കാരിൽ സവിശേഷ താല്പര്യമുണ്ടായിരുന്നു ഇടശ്ശേരിക്ക്. അദ്ദേഹത്തിന്റെ പേരിൽ ഈ ഇളം തലമുറക്കാർക്കുവേണ്ടി ചെയ്യുന്ന ചില കാര്യങ്ങൾ കൂടി ആ മഹാപ്രതിഭയെക്കുറിച്ചോർക്കുന്നതോടൊപ്പം ഉള്ളിലുയരുന്നത് സ്വാഭാവികം മാത്രമാണ്.

മലയാള കവിത
87 ഒക്ടോബർ 1